നമ്പർ. സി3/11332/റ്റി സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി 08.06.2012

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് — ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശം സംബന്ധിച്ച്

സൂചന :-
1. ഈ ഓഫീസിൽ നിന്നുള്ള 10.02.2011-ലെ 3/2011 എന്ന സർക്കുലർ
2. ഈ ഓഫീസിൽ നിന്നുള്ള 02.08.2011-ലെ മേൽപടി നമ്പർ കത്ത്
3. സർക്കാരിന്റെ 09.05.2012-ലെ സ്.ഉ.(സാധാ) നമ്പർ 186/2012 ഉ.ഭ.പ.വ നമ്പർ കത്ത്.

സൂചന 1,2 എന്നിവയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. (പകർപ്പുകൾ ഇതോടൊപ്പം ഇ-മെയിൽ ചെയ്യുന്നു). ഭരണ ഭാഷാ മലയാളം ആക്കിയതിന്റെ ഭാഗമായി ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യണമെന്നും മലയാളത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കാത്ത ഫയലുകളിൽ കുറിപ്പ് ഫയൽ( നോട്ട് ഫയൽ) മലയാളത്തിൽ തയ്യാറാക്കണമെന്നും ഈ ഫയലുകളും മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ച് സൂചന 1,2 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിരവധി നിർദ്ദശങ്ങൾക്ക് ശേഷവും ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുവാൻ പല ഓഫീസർമാരും വിമുഖത കാട്ടുന്നുണ്ട്. ഇത് സർക്കാരിന്റെ മുൻ ഉത്തരവുകളുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 09.02.2011-ലെ എ ഡബ്ല്യൂ.പി.(സി) നം. 2420/2011 എന്ന കേസിലെ വിധിയുടെയും നഗ്നമായ ലംഘനമാണ്. ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യാത്ത വകുപ്പ തലവന്മാർക്കെതിരെ മേൽ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സൂചന (3) പ്രകാരം സർക്കാർ അറിയിച്ചിരിക്കുകയാണ്. മാത്രമല്ല എല്ലാ

ഓഫീസുകളിലെയും ആഭ്യന്തര പരിശോധനാ വേളകളിൽ മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ വിശദാംശങ്ങൾ കൂടി പരിശോധിക്കുവാനും ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾകൂടി റിപ്പോർട്ട് ചെയ്യുവാനും ആഭ്യന്തര പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ സൂചന 1,2 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും അടുത്ത ത്രൈമാസ റിപ്പോർട്ടിൽ മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ കാര്യത്തിൽ ഇത് പ്രതിഫലിപ്പിക്കണമെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

പകർപ്പ്:-

എല്ലാ സെക്ഷനുകൾക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.